പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം.
(ഹാജർ : ഡോ. ദിവ്യ എസ് അയ്യർ ഐ .എ.എസ്)

==================================================================

ഉത്തരവ് നമ്പർ - ഡി.സി.പി.റ്റി.എ/1455 /2021 -ഡി.എം1 തീയതി : 18.11.2021.

==================================================================

വിഷയം :-ജില്ലാ ദുരന്തനിവാരണ അതോറിറ്റി പത്തനംതിട്ട - ജില്ലയിലെ പ്രളയ കെടുതിയുടെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു 2021 നവംബർ 19 ന പ്രാദേശിക അവധി പ്രഖ്യാപിച്ചു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പത്തനംതിട്ട ജില്ലയിൽ 2021 നവംബർ 13 തീയതി മുതൽ പെയ്ത അതി ശക്തമായ മഴയുടെ ഫലമായി വിവിധ മേഖലകളിൽ രൂക്ഷമായ പ്രളയ കെടുതി അനുഭവിച്ചു വരികയാണ്. നിലവിൽ ജില്ലയിലെ താലൂക്കുകളിലായി സ്കൂളുകൾ ഉൾപ്പടെ 43 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

ജില്ലയിൽ ശക്തമായ പെയ്ത മഴയുടെ ഫലമായുണ്ടായ പ്രളയദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന എല്ലാതരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2005 ലെ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് 34 (എം) വകുപ്പ് പ്രകാരം **2021 നവംബർ 19 ന** പ്രാദേശിക അവധി പ്രഖ്യാപിച്ചു ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി
& ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് :

1. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങൾ
2. ജില്ലാ പോലീസ് മേധാവി ,പത്തനംതിട്ട
3. റവന്യൂ ഡിവിഷണൽ ആഫീസർ അടൂർ/ തിരുവല്ല
4. ഡെപ്യൂട്ടി കളക്ടർ, (ജനറൽ/ എൽ.എ/ ആർ.ആർ/ എൽ.ആർ/ ഇലക്ഷൻ)
5. സെക്രട്ടറി ജില്ലാ പഞ്ചായത്ത് , പത്തനംതിട്ട
6. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവല്ല
7. തഹസിൽദാർ, അടൂർ/ തിരുവല്ല/ റാന്നി/ കോന്നി/ കോഴഞ്ചേരി/ മല്ലപ്പള്ളി
8. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ,പത്തനംതിട്ട (പത്ര ദൃശ്യ സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി )
9. ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ, പത്തനംതിട്ട (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )